# MARIAN ENGINEERING COLLEGE

Menamkulam, Kazhakuttom P.O., Trivandrum - 695 582

2009-10-ലെ ബി.ടെക് പ്രവേശനപരീക്ഷ കഴിഞ്ഞതോടെ മരിയൻ കോളേജിലെ പ്രവേശനത്തിനായി വളരെപ്പേർ കാത്തിരിക്കുകയാണ്. മാദ്ധ്യമങ്ങൾ വഴി പല കാര്യങ്ങൾ അറിയുന്നുണ്ടെങ്കിലും, ഈ വർഷത്തെ പ്രവേശനത്തിനായുള്ള നമ്മുടെ നയവും നടപടിക്രമങ്ങളും വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു.

കേരളത്തിൽ പത്ത് കത്തോലിക്കാ മാനേജ്മെന്റ് കോളേജുകൾ ചേർന്ന്, കേരളകത്തോലിക്കാ എൻജിനീയറിംങ് കോളേജ് അസോസിയേഷൻ രൂപീകരിച്ചിട്ടുണ്ട്. നാം ഇതിലെ ഒരു അംഗമാണ്. സുപ്രീം കോടതി വിധികളുടെയും, ഭാവിയിൽ ഉണ്ടാകാവുന്ന വിധികൾക്ക് വിധേയമായും, നമ്മുടെ മൈനോറിറ്റി അവകാശം സംരക്ഷിക്കുന്ന ഒരു സമീപനമാണ് കോളേജ് പ്രവേശന പ്രക്രിയയിൽ നാം സ്വീകരിച്ചിരിക്കുന്നത്.

മരിയൻ കോളേജിൽ നമ്മുക്കുള്ള ആറു ബ്രാഞ്ചുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഓരോ ബ്രാഞ്ചിനും 60 സീറ്റുകൾ വീതം നമുക്ക് ഉണ്ട്.

*താഴെപ്പറയുന്നവയാണ് ബ്രാഞ്ചുകൾ*

1. അപ്ലൈഡ് ഇലക്ട്രോണിക്സ് & ഇൻസ്ട്രുമെന്റേഷൻ
2. സിവിൾ എഞ്ചിനീയറിംഗ്
3. കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്
4. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്ങ്
5. ഇൻഫർമേഷൻ ടെക്നോളജി
6. മെക്കാനിക്കൽ എഞ്ചിനീയറിംഗ്

സംസ്ഥാന എൻട്രൻസ് കമ്മീഷണർ നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ മാർക്കിന് പ്രാമുഖ്യം നൽകിയും, 12-ാം ക്ലാസ്സിലെ മാർക്കിനെ അടിസ്ഥാനപ്പെടുത്തിയും മെറിറ്റ് മാത്രം മാനദണ്ഡമാക്കി പ്രവേശനം നൽകുന്നതാണ്. ഇവ രണ്ടും 60:40 അനുപാതത്തിൽ കണക്കുകൂട്ടുന്നതാണ്. വ്യത്യസ്ത വിഭാഗങ്ങളിലെ സീറ്റ് ക്രമീകരണം ഇപ്രകാരമാണ്.

| | | | |
|---|---|---|---|
| 1. | ഓപ്പൺ മെരിറ്റ് | - | 40% |
| 2. | കമ്മ്യൂണിറ്റി മെരിറ്റ് | - | 35% |
| 3. | പട്ടികജാതി / പട്ടികവർഗ്ഗം | - | 5% |
| 4. | ദളിത് ക്രിസ്ത്യൻ | - | 5% |
| 5. | എൻ.ആർ.ഐ | - | 15% |

എൻ.ആർ.ഐ. ഒഴികെയുള്ള മറ്റു സീറ്റിൽ പ്രവേശനം ലഭിക്കുന്നവർ താഴെപ്പറയുന്ന ഫീസുകൾ നൽകണം.

| | | | |
|---|---|---|---|
| 1) | വാർഷിക ട്യൂഷൻ ഫീസ് | - Rs | 49,000/- |
| 2) | അഡ്മിഷൻ ഫീസ് | - Rs | 150/- |
| 3) | മടക്കിനല്കുന്ന കോഷൻ ഡിപ്പോസിറ്റ് | - Rs | 10,000/- |
| 4) | സ്പെഷ്യൽ ഫീസ് | - Rs | 1,000/- |
| 5) | പലിശരഹിത ഡെപ്പോസിറ്റ് | - Rs | 1,00,000/- |

അർഹരായ അപേക്ഷകരുടെ ലിസ്റ്റ് നമ്മുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും അത് കൃത്യമായി അഡ്മിഷന് അടിസ്ഥാനമാക്കുകയും ചെയ്യും. 85% സീറ്റുകളിലും മെരിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവേശനം നല്കുന്നതിനാൽ പ്രത്യേക ''മാനേജ്മെന്റ് ക്വാട്ട'' നിലവിലില്ല, എന്നിരുന്നാലും കോളേജിന്റെ നിലനില്പിനു വളർച്ചക്കും വേണ്ടി ഗവൺമെന്റ് എൻ.ആർ.ഐ. ക്വോട്ട, മാനേജ്മെന്റിന്റെ നിയന്ത്രണത്തിൽ നല്കിയിട്ടുണ്ട്. ഈ അധ്യായന വർഷത്തേയ്ക്ക് അസ്സോസിയേഷൻ, മൂന്നു ലക്ഷം രൂപയാണ് കോളേജ് ഡവലപ്പ്മെന്റ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്. എൻ.ആർ.ഐ ക്വോട്ടയിൽ പ്രവേശനം ലഭിക്കുന്നവർ, ഒരു ലക്ഷം രൂപയുടെ ഡെപ്പോസിറ്റ് ഒഴികെയുള്ള മറ്റു ഫീസുകൾ നല്കേണ്ടതാണ്.

**പ്രധാനപ്പെട്ട തീയതികൾ**

1. അപേക്ഷ ഫോറവും NRI ഫോറവും കോളേജിൽ നിന്നും ലഭ്യമാണ്
2. NRI കോട്ടയിലേയ്ക്കുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തിയതി 15.06.2009
3. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന ദിവസം 20.06.2009
4. വെബ്സൈറ്റിലും നോട്ടീസ് ബോർഡിലും ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു - 24.06.2009
5. കുറവുകൾ പരിഹരിക്കുന്നതിനുള്ള അവസാന തീയതി - 27.06.2009
6. അർഹതയുള്ളവരുടെ അവസാന മെരിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു - 04.07.2009
7. കൗൺസിലിംഗ് പ്രവേശനവും ആരംഭിക്കുന്നു - 09.07.2009
8. പ്രവേശനം അവസാനിക്കുന്നു - 25.08.2009

നമ്മുടെ പ്രവേശന മാനദണ്ഡങ്ങളും നയങ്ങളും ബന്ധപ്പെട്ടവർക്ക് വിശദീകരിച്ചു കൊടുക്കണമെന്നും അതുവഴി കോളേജ് പ്രവേശനം സുഗമമായി നടത്തുവാൻ സഹായിക്കുമെന്നും പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവ്വം

Fr. George Paul.A
Manager

02.06.2009

---

*NB: ഈ വിവരം 07.06.2009-ാം തിയതി ദിവ്യബലി മദ്ധ്യേ അറിയിക്കേണ്ടതാണ്*